ഉത്തരം

(എ) പ്ളാന്റേഷൻ കോർപ്പറേഷനിൽ സ്റ്റാഫ് ഓഫീസർ വിഭാഗങ്ങളിൽ പ്രൊമോഷൻ നൽകുന്നത് സീനിയോറിറ്റി, സ്യൂട്ടബിലിറ്റി, എഫിഷ്യൻസി എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. കാലാകാലങ്ങളിലുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രൊമോഷൻ കമ്മിറ്റി മുൻപാകെയുള്ള കൂടിക്കാഴ്ചകൾ യോഗ്യത നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുകയും ചെയ്യുന്നു.

(ബി) പ്രൊമോഷൻ നൽകുന്നതിന് എഴുത്തു പരീക്ഷ നടത്താറില്ല. സ്റ്റാഫ് വിഭാഗത്തിൽ നിന്നും ഓഫീസർ വിഭാഗത്തിലേക്ക് കയറ്റം കിട്ടാൻ സീനിയർ ഗ്രേഡ് തസ്തികയിൽമാത്രം നാലു വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. പ്രൊമോഷൻ നൽകുന്നതിന് മിനിമം വിദ്യാഭ്യാസ യോഗ്യത പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല.

146 (1818) പ്ളാന്റേഷൻ കോർപ്പറേഷനിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളാന്റേഷൻ കോർപ്പറേഷനിലെ വകുപ്പു മേധാവികളുടെ എണ്ണം എത്ര; ഓരോ തസ്തികയുടെയും പേര് എന്തൊക്കെയാണ്; അതിൽ എത്ര പേർ ഈ സ്ഥാപനങ്ങളിലുണ്ട്;

(ബി) ഒഴിഞ്ഞുകിടക്കുന്ന സ്ഥാനങ്ങൾ ഏതെല്ലാം; ഇവയിൽ ആരൊക്കെ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ട്;

(സി) അവരുടെ ചാർജ് ആർക്കൊക്കെ നൽകിയിരിക്കുന്നു; അവർ ചാർജ് വഹിക്കുവാൻ വിദ്യാഭ്യാസപരമായി യോഗ്യരാണോ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന ഏതൊക്കെ തസ്തിക നികത്താൻ നടപടി സ്വീകരിച്ചു; ഇതിന്റെ നടപടിക്രമങ്ങൾ എവിടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്ളാന്റേഷൻ കോർപ്പറേഷനിൽ ആറ് വകുപ്പ് മേധാവികളുണ്ട്. ഓരോ തസ്തികയുടെയും പേര് ചുവടെ ചേർക്കുന്നു.

1. ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ
2. ജനറൽ മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ)
3. ജനറൽ മാനേജർ (ഫൈനാൻസ് ആന്റ് അക്കൗണ്ട്സ്)
4. ജനറൽ മാനേജർ (പ്രൊഡക്ഷൻ)
5. ജനറൽ മാനേജർ (സെയിൽസ്)
6. ജനറൽ മാനേജർ (മലബാർ)

മേൽപ്പറഞ്ഞ തസ്തികകളിൽ ക്രമനംബർ 1,3,5 എന്നീ തസ്തികകളിൽ സ്ഥിരമായും ക്രമനമ്പർ 2 തസ്തികയിൽ സർക്കാർ സർവീസിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ക്രമനമ്പർ 4,6 എന്നീ തസ്തികകളിൽ താൽക്കാലിക ചാർജ് നൽകിയവരും ജോലി ചെയ്യുന്നുണ്ട്.

(ബി) ജനറൽ മാനേജർ (പ്രൊഡക്ഷൻ) ജനറൽ മാനേജർ (മലബാർ) എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽ ജനറൽ മാനേജർ (പ്രൊഡക്ഷൻ) തസ്തിക അച്ചടക്ക നടപടിക്ക് വിധേയനായ ശ്രീ. സുബ്രഹ്മണ്യഅയ്യരുടെ സ്ഥലംമാറ്റംമൂലവും ജനറൽ മാനേജർ (മലബാർ) തസ്തിക ടിയാന്റെ റിട്ടയർമെന്റ് മൂലവും ഒഴിഞ്ഞുകിടക്കുകയാണ്.

(സി) ഒഴിഞ്ഞുകിടക്കുന്ന രണ്ട് തസ്തികകളിലും പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജർമാർക്ക് അഡീഷണൽ ചാർജ് നൽകിയിരിക്കുകയാണ്. അഡീഷണൽ ചാർജ് വഹിക്കുവാൻ അവർ വിദ്യാഭ്യാസപരമായി യോഗ്യരാണ്.

(ഡി) ജനറൽ മാനേജർ (പ്രൊഡക്ഷൻ) തസ്തിക നികത്തുന്നതിനു വേണ്ട നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ജനറൽ മാനേജർ (മലബാർ) തസ്തിക പ്രൊമോഷൻവഴി നികത്തുന്നതിന് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

147 (1879) പ്ലാന്റേഷൻ കോർപ്പറേഷനിലെ തസ്തികകൾ

ശ്രീ. ജോർജ് ജെ മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ സ്റ്റാഫ് തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നു;

(ബി) അതിൽ നോൺ മെട്രിക്കുലേറ്റുകൾ എത്ര? ഏതൊക്കെ തസ്തികകളിലിവർ ജോലി ചെയ്യുന്നു;

(സി) മെട്രിക്കുലേറ്റുകൾ എത്ര? അവർ ഏതൊക്കെ തസ്തികയിൽ ജോലി ചെയ്യുന്നു.;

(ഡി) ബിരുദധാരികൾ എത്ര? അവർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നു;

(ഇ) ബിരുദാനന്തര ബിരുദധാരികളും പ്രൊഫഷണൽ യോഗ്യതകളും ഉള്ളവർ സ്റ്റാഫ് വിഭാഗത്തിൽ എത്രപേരുണ്ട്; അവർ ഏതേത് വിഭാഗങ്ങളിൽ എത്ര വർഷമായി ജോലി ചെയ്യുന്നു; അവർ ആരൊക്കെയാണ്; അവരുടെ യോഗ്യതകൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 534 പേർ ജോലി ചെയ്യുന്നു.

(ബി) 261 പേർ. അവർ താഴെ പറയുന്ന തസ്തികളിൽ ജോലി ചെയ്യുന്നു.

1. ഡ്രൈവർ
2. വാച്ചർ കം ഗേറ്റ്മാൻ
3. ഇലക്ട്രിക് ലൈൻമാൻ
4. മെഡിക്കൽ ഓർഡർലി
5. പ്യൂൺ

LIBRARY ARCHIVES Kerala Legislative Assembly